നീര വിപണനം

146 (1617) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്നേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നീര വിപണിയിലെത്തിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ മുഖേനയും കൃഷി വകുപ്പിനുകീഴിലുള്ള ഏജൻസികൾ മുഖേനയും നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ഇതിലൂടെ നീര ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് നീര വിപണിയിലെത്തിക്കാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത യുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീരയിൽ നിന്നും ഉപ ഉൽപ്പന്നങ്ങൾ തയ്യാറാക്കുകയും വിപണനം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കുവാനുമുള്ള സാധ്യതകൾ ലക്ഷ്യമിട്ടാണ് പദ്ധതി വിഭാവന ചെയ്തത്.

(സി) തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂക്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും, 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും കുടുംബശ്രീ വില്പന

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രങ്ങളിലൂടെയും മൊബൈൽ വാനിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തിവരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീര കാർഷിക സർവ്വകലാശാലയുടെ ഔട്ട്‌ലെറ്റുകളിലൂടെയും വിപണനം നടത്തുന്നുണ്ട്. നീര ഉല്പാദനത്തിനായി നടപ്പുവർഷം ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത യൂക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിന് യൂക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെന്റിംഗ് മെഷീൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ആറളം ഫാമിൽ നീര പ്ലാന്റ് സ്ഥാപിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നീര ഉല്പാദനം

147 (1618) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത് ;വ്യക്തമാക്കുമോ;

(ബി) നീര ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ മുഖേനയും കൃഷി വകുപ്പിനുകീഴിലുള്ള ഏജൻസികൾ മുഖേനയും നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ഇതിലൂടെ നീര ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് നീര വിപണിയിലെത്തിക്കാവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത യൂക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീരയിൽ നിന്നും ഉപ ഉത്പന്നങ്ങൾ തയ്യാറാക്കുകയും വിപണനം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കാനുമുള്ള സാധ്യതകൾ ലക്ഷ്യമിട്ടാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly